പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3281 | 25.06.2012-ൽ മറുപടിക്ക്.

## കോടതി ഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കോടതിഭാഷ മാതൃഭാഷയാക്കുന്ന-തിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ; | (എ) കോടതിയിലെ ഔദ്യോഗികഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച ജസ്റ്റീസ് നരേന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ട് പഠിക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച ജഡ്ജസ് കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ, കോടതികളിലെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുള്ള ഉന്നതതല സമിതിയുടെ യോഗതീരുമാനങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതി വിധിന്യായങ്ങളും ഹൈക്കോടതി വിധിന്യായങ്ങളും മറ്റും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് ഒരു മലയാള നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് ലഭ്യമാക്കുന്നതിനും 1987-ൽ നിയമ വകുപ്പ് പ്രസിദ്ധീകരിച്ച നിയമ 'ശബ്ദാവലി' ഔദ്യോഗികഭാഷാ വകുപ്പിന്റെ പങ്കാളിത്തത്തോടെ പരിഷ്ക്കരിക്കുന്നതിനും മറ്റ് അനുബന്ധ ചുമതലകൾക്കുമായി 'നിയമ (ഔദ്യോഗിക ഭാഷാ-പ്രസിദ്ധീകരണ സെൽ) വകുപ്പ്' എന്ന പേരിൽ സ.ഉ.(കയ്യെഴുത്ത്) നമ്പർ:78/2012/നിയമം തീയതി 02.03.2012 പ്രകാരം ഒരു പുതിയ വകുപ്പ് നിയമ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. |

(മറുപുറം)

| | | |
|---|---|---|
| (ബി) | കോടതിഭാഷ മാതൃഭാഷയിലാക്കുന്നത് സംബന്ധിച്ച തീരുമാനം നടപ്പിലാക്കാത്ത സംസ്ഥാനങ്ങളുടെ കേന്ദ്രം പുറപ്പെടുവിച്ച പട്ടിക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായിട്ടുള്ള കമ്മറ്റി റിപ്പോർട്ട് എന്നാണ് ലഭിച്ചത് ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ; | : (സി), (ഡി) & (ഇ)<br><br>24.03.1987-ലാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. റിപ്പോർട്ട് നടപ്പിലാക്കാൻ പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടില്ല. കോടതിഭാഷ മലയാളമാക്കണമെന്ന വിഷയത്തിന്മേൽ ഹൈക്കോടതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. കോടതിഭാഷ മലയാളമാക്കുന്നതിനുവേണ്ടി ഹൈക്കോടതിയുടെ ജഡ്ജസ് കമ്മിറ്റി ഏഴിന മുന്നൊരുക്കങ്ങൾ സർക്കാരിനു സമർപ്പിച്ചു. ഇതിൽ ചിലതെല്ലാം നടപ്പിലാക്കിയെങ്കിലും നിയമപഠന മാധ്യമം മാതൃഭാഷയാക്കണ- മെന്നതു പോലെ നടപ്പിലാക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്മേൽ ഉദ്യോഗസ്ഥഭരണപരിഷ്ക്കാര വകുപ്പും (ഔദ്യോഗിക ഭാഷാ വിഭാഗം), നിയമവകുപ്പും ആഭ്യന്തര വകുപ്പും, ഹൈക്കോടതിയും പലവട്ടം ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | എത്ര കാലത്തിനുള്ളിൽ കോടതിഭാഷ മാതൃഭാഷയിലേയ്ക്ക് എത്തണമെന്നായിരുന്നു എന്നാണ് നരേന്ദ്രൻ കമ്മീഷൻ നിഷ്ക്കർഷിച്ചിട്ടുള്ളത് ; | |
| (ഇ) | കോടതി ഭാഷ മലയാളമാക്കണമെന്ന് 1978 ജൂലൈ മാസം 4-ാം തീയതിയിലെ സർക്കാർ ഉത്തരവിൻപ്രകാരം ഹൈക്കോടതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ